## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4935** **27.10.2016 -ൽ മറുപടിക്ക്**

**'ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി'**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്. ജയലാൽ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട വില്ലേജ് പ്രദേശങ്ങളിൽ അതാതിടത്തെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (എ) | തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വില്ലേജ് തിരിച്ചുള്ള അവയുടെ അളവും ഭൂമി ശാസ്ത്രപരമായി പ്രസ്തുത പുറമ്പോക്ക് ഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലവും വ്യക്തമാക്കാമോ; | (ബി) | വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധം 1 (എ) ആയി ചേർത്തിട്ടുണ്ട്. ഭൂമി ശാസ്ത്രപരമായി പ്രസ്തുത പുറമ്പോക്ക് ഭൂമി കര ഭൂമിയായി (dry land) സ്ഥിതി ചെയ്യുന്നു. |
| (സി) | പ്രസ്തുത പുറമ്പോക്ക് ഭൂമികളിൽ വ്യക്തികളോ സ്ഥാപനങ്ങളോ കൈവശം വെച്ചിട്ടുള്ളവ പ്രത്യേകം വിശദമാക്കാമോ? | (സി) | അനധികൃതമായി സർക്കാർ ഭൂമി കയ്യേറിയത് സംബന്ധിച്ച് ലഭിക്കുന്ന റിപ്പോർട്ടുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം 5 വില്ലേജുകളിലായി 45 കേസുകളിന്മേൽ നടപടി നടന്നു വരുന്നു. വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധം 1 (ബി) ആയി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1(എ)

| ക്രമ നം. | വില്ലേജ് | ഹെക്ടർ | ആർ | ചതുരശ്ര മീറ്റർ |
|---|---|---|---|---|
| 1 | ആദിച്ചനല്ലൂർ | 186 | 98 | 73 |
| 2 | പൂതക്കുളം | 214 | 69 | 9 |
| 3 | കല്ലുവാതുക്കൽ | 154 | 8 | 44 |
| 4 | പാരിപ്പള്ളി | 121 | 98 | 40 |
| 5 | മീനാട് | 164 | 62 | 45 |
| 6 | ചിറക്കര | 106 | 1 | 59 |
| 7 | കോട്ടപ്പുറം | 140 | 91 | 8 |
| 8 | പരവൂർ | 418 | 10 | 54 |
| 9 | പൂയപ്പള്ളി(കൊട്ടാരക്കര) | 113 | 60 | 80 |

## അനുബന്ധം 1(ബി)

| ക്രമ നം. | വില്ലേജ് | കയ്യേറിയ വിസ്തീർണം (ആർ) | കയ്യേറ്റക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മീനാട് | 14.56 | 15 |
| 2 | പൂതക്കുളം | 3.17 | 2 |
| 3 | കല്ലുവാതുക്കൽ | 78.7 | 2 |
| 4 | പാരിപ്പള്ളി | 01.24.55 | 24 |
| 5 | പരവൂർ | 51 | 2 |

സെക്ഷൻ ഓഫീസർ